Little Kites @ SN HSS

# untitled

Magazine - 2020



little KITEs

# വെറുതേ ഇരുപ്പ് കമ്മിറ്റി (എഡിറ്റോറിയൽ ബോർഡ്)

പൂർണ്ണ ശ്രീ (സ്റ്റുഡന്റ് എഡിറ്റർ)

ആദിഷ്

അമൽ ഹരി

നവീൻ

ഹരിപ്രിയ

നിരഞ്ജൻ

അമിൻ സുൽത്താന

അർജ്ജുൻ

സൈന ഫാത്തിമ

അഫ്സൽ സലീം

ആദർശ്

ദേവിക

കൃഷ്ണ ഷാജികുമാർ

## ഒരുക്കിപ്പറക്കൽ ടീം ( Lay Out & Design)

ജിഷ്ണു

നവമി

അനശ്വര

ഗോകുൽ

കൈലാസ് ജിത്ത്

## മേലധികാരികൾ ( Kite Masters)

ഡി. അനുജിത്ത്

പി. മഞ്ജു

## ആശംസകളോടെ ...........

നുമ്മ സ്വന്തം ശ്രീജ റ്റീച്ചർ,

തുടർച്ചയായി രണ്ടാം വർഷവും ലിറ്റിൽ കൈറ്റുകൾക്ക് അവരുടെ മാഗസിൻ പുറത്തിറക്കാൻ കഴിഞ്ഞിരിക്കുന്നു എന്നുള്ളത് എന്നെ സംബന്ധിച്ചിടത്തോളം തികച്ചും ആഹ്ലാദകരമാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികളെയും, കൈറ്റ് മാസ്റ്റർമാരെയും ഞാൻ അനുമോദിക്കുന്നതോടൊപ്പം എല്ലാ ഭാവുകങ്ങളും നേരുന്നു.

# എഡിറ്റർ പറഞ്ഞത്

പെട്ടന്നാണ് അനുജിത്ത് സാർ മീറ്റിംഗ് വിളിച്ചത്, ഓ ജില്ലാ ക്യാമ്പിലേക്ക് സെലക്ഷൻ കിട്ടിയവരെ അനുമോദിക്കാൻ വിളിച്ചതായിരിക്കും, ലാബിലെത്തുമ്പോൾ എട്ടാംക്ലാസ്സുകാരും പത്താം ക്ലാസ്സുകാരും ഉണ്ട്. മനസ്സിൽ ലഡു പൊട്ടി രക്ഷപ്പെട്ടു നമ്മളും ടൂർ പോകുന്നു. എല്ലാ ക്ലബുകാരും ജനുവരി, ഫെബ്രുവരി മാസങ്ങളിലായി ടൂർ പോവുകയാണ്, ചെന്ന് കയറിയപ്പോൾ തന്നെ എന്നെ വിളിച്ചു, "പൂർണ്ണ ശ്രീ നമ്മുടെ മാഗസിൻ ജോലി എന്തായി, നിന്റെ എഡിറ്റോറിയൽ ഇന്ന് വേണം", പൊട്ടിയ ലഡുവിന് നല്ല കയ്പ്.

മാഗസിനെകുറിച്ച് സാർ തന്നെ പറഞ്ഞു, കഴിഞ്ഞ വർഷം നമ്മൾ മാഗസിൻ ജോലി സമയബന്ധിതമായി തന്നെ പൂർത്തിയാക്കിയിരുന്നു - "എന്നിട്ടത് പബ്ലിഷ് ചെയ്തില്ലല്ലോ" സുഹൈൽ ചേട്ടന്റെ ആത്മഗതം കുറച്ച് ഉറക്കെയായിപോയി, "അതിന് എന്റെ ലാപ്ടോപ്പെടുത്ത് താഴെയിട്ടവർ സമാധാനം പറയും"- സാർ തിരിച്ചടിച്ചു, ഗൗരി ചേച്ചി ചെറുതായിഒന്ന് ചമ്മി . "എന്തായാലും ഇത്തവണ അതുണ്ടാവില്ല, പുതിയ എഡിറ്റർക്ക് സമയബന്ധിതമായി തന്നെ അതിന് പറ്റും" അതുംപറഞ്ഞ് എന്നെ നോക്കിയപ്പോൾ ആ നോട്ടത്തിൽ ഒരു  ചെറിയ ആത്മവിശ്വാസക്കുറവില്ലേന്നൊരു സംശയം.

പറഞ്ഞ് പറഞ്ഞ് വീണ്ടും എഡിറ്റോറിയലിൽ എത്തി, "ദൈവമേ ഏത് നേരത്താണോ എന്തോ മാഗസിൻ എഡിറ്ററാകാൻ തോന്നിയത്." "ആ പിന്നേ എഡിറ്റോറിയൽ ലളിതമായി ചെയ്യണം" - എന്നോടാണ്. കൂട്ടുകാരെ ഇതിലും കൂടുതലാണ് പിന്നാമ്പുറക്കഥ പക്ഷേ അതിനിപ്പോ സമയമില്ല, ……ന്റെ പിറകിൽ ഒരു "ശാസനാനോട്ടം" ഇല്ലേന്നൊരു സംശയം .....

"കുട്ടിപ്പട്ടങ്ങൾ" ഡിജിറ്റൽകാലത്തിനൊപ്പം കൈകോർത്ത് നടക്കാൻ അവസരം കിട്ടിയ ക്രീമിലെയർ വിഭാഗം, ആർജ്ജിച്ചെടുക്കാനും അറിഞ്ഞത് പങ്കുവെക്കാനും ഔത്സുക്യം കാട്ടുന്നവർ – പേരില്ലാ എഴുത്താകാരാണവർ, കാരണം ഇവിടുത്തെ ഓരോ പേജും നിറച്ചത് ഒരാളിന്റെ ഓർമ്മയിൽ മറ്റൊരാൾ ഇടപെട്ട്, ചിലപ്പോൾ മൂന്നാമന്റെ തീർപ്പിലാണ് - ഇവിടെ വാക്കുകളിലൂടെ നിശബ്ദമായി, സശ്രദ്ധം, സസൂക്ഷ്മം പങ്കുവെക്കുന്നതിനെ ഹൃദയത്തോട് ചേർക്കണമെന്ന അപേക്ഷയോടെ ………..

നിങ്ങളുടെ സ്വന്തം

പൂർണ്ണ ശ്രീ

9. F

Story

# ൺ !

"എന്താ അച്ഛാ ടൈപ്പ് ചെയ്യുന്നത്?" ഉണ്ണിക്കുട്ടന്റെ ശബ്ദം കേട്ട് കീബോർഡിൽ ഇരുന്ന് ഉറക്കം തൂങ്ങുകയായിരുന്ന "ൺ" ഞെട്ടിയുണർന്ന് ആലോചന തുടങ്ങിയിട്ട് ഏകദേശം ഒരുമണിക്കൂറായി ഇത്രയും നേരമായിട്ടും എന്തുകൊണ്ട് എന്നെ ഒന്ന് തൊട്ടില്ല, ഇതിന് മാത്രം ഞാൻ എന്ത് തെറ്റാണ് ചെയ്തത്. അല്ല ഞാൻ ഇത്ര ബഹിഷ്കൃതനാണോ ? അല്ല എന്നെ എന്തിനാണ് ചില്ലക്ഷരക്കൂട്ടത്തിൽ ഉൾപ്പെടുത്തിയത് ? ഹൊ! ആ "ർ" ന്റേയും "ൻ" ന്റേയുമൊക്കെ ഒരു ഭാഗ്യം, ഒരു വരിയിൽ എങ്ങനെ പോയാലും രണ്ടെണ്ണം വീതം കാണും, എനിക്കെന്തൊരു ദുർവിധിയാണിത്. ഒരു പേജിൽ ഒരു തവണ വന്നാലായി, മിക്കവാറും വരാറില്ല. ഞാനീ ഭാഷയിലൊരു അധികപ്പറ്റാണ്, ഞാനിനി ഇവിടെ നിൽക്കില്ല. ഞാൻ പോകുന്നു. ഞാൻ ആത്മഹത്യ ചെയ്യും, വരൂ എല്ലാവരും വരൂ, "ൺ"വിളിച്ചു പറഞ്ഞു എല്ലാ 'ൺ' കളും ഇറങ്ങിവന്നു, പക്ഷേ ഉണ്ണിക്കുട്ടന്റെ അക്ഷരമാലാ പുസ്തകത്തിലെ "ൺ" വിളിച്ച് പറഞ്ഞു ഇങ്ങോട്ട് നോക്ക്, എല്ലാവരും എത്തിനോക്കി, "ൺ" മയം "തൂൺ, ചാൺ, കോൺ, ക്ലൂൺ, ബലൂൺ ............" ഹൊ "ൺ" ന്റെ മനസ്സ് നിറഞ്ഞു തുളുമ്പി, ഇനി ഞാൻ എങ്ങും പോകില്ല, ആത്മഹത്യ ശ്രമം ഉപേക്ഷിച്ച് കീബോർഡിൽ ഇരുന്ന് "ൺ" മയങ്ങാൻ തുടങ്ങി.

Poem

# Lap Top

*Can draw anything*

*Can store anything*

*Can play anything*

*Can help to know everything.*

*He who called you Lap Top*

*Have the thought that one day you will*

*Help the entire world and*

*Haunt the child, youth and old alike.*

# Competition

*Competition is a big name that we follow in our life. If there is no competition, life will become monotonous and worthless. Actually this competition starts from the beginning of our life. When you were a child, there occurred a competition, there you compete for survival, later in school the competition became healthier and it gave you a position among others. In school students compete for good marks and for better consideration both*

*from teachers and friends. Later you have to compete your surroundings in order to take the best reap. This competition will end only at your graveyard, but remember before you start your competition think of others and make slight changes to protect the needs of others too. The competition to make more money leads to the perish of our earth. One can compete for his success, but he must be aware that his deeds won't be destroyed our mother earth. As we are students we must take the pledge to protect our earth, our competition for a better life never make any harm to this mother earth.*

കവിത

# അഗസ്ത്യാർ കൂടം

കാത്തിരുന്ന ദിനമെത്തി
അഗസ്ത്യനെ കാണാനിന്ന് പോകാം
രണ്ട് ദിനരാത്ര സഞ്ചാരം, ശരണ മന്ത്രങ്ങളില്ലാതെ
ഉണ്ടുള്ളിൽ ശരണ ചിന്തകൾ നിറയെ
ആകുലതകളുണ്ട് ആവോളം
കാടിന്റെ സന്തതികളെതിർക്കുമോയെന്നും
വന്യതക്കിരയാകുമോയെന്നും
സഹയാത്രികർ തൻ കൈത്താങ്ങിലേന്തി
ഞാൻ ആദ്യ ദിനം തന്നിടത്താവളം കേറി.
കൂട്ടുകാരൊക്കെ കളിയാക്കിപ്പറഞ്ഞു
നാളെ നീ മാത്രം നിനക്ക് തുണ.
കാലത്തേ കച്ചമുറുക്കി തുണവടി കൈയിലെടുത്ത്
ഞാൻ നടക്കവെ, കാഴ്ചകൾ കുളിർമ്മയായ്
കാറ്റൊരു ശക്തിയായ്, ഞാൻ ലക്ഷ്യത്തിലേക്കും
അത്ഭുതം കാത്തിരുന്നൊരാ നെറുകയിൽ
സഞ്ചാര ക്ഷീണമപ്രത്യക്ഷം,
നിൽക്കുന്ന കുന്നിന്റെ ചുറ്റിലും താഴെ
ഞാൻ അഗസ്ത്യനും താഴെയെന്നോതുന്ന
മേഘങ്ങൾ ഒട്ടൊന്നെമല്ലൽഭുതം തന്നത്
വലംവച്ചഗസ്ത്യനെ വണങ്ങി ഞാൻ
കുന്നിറങ്ങവേ കുറിച്ചു മനസ്സിൽ
മുടങ്ങാതെയെത്തണം ഇനിയോരോമാണ്ടിലും.

കഥ

# സദാചാരം

9 സി യിലെ ഫാത്തിമയോട് +1 സയൻസിലെ ഹരീഷ് എന്തോ പറഞ്ഞിട്ട് പോയി, ഉച്ചക്ക് ചോറ് കഴിച്ച് കൈകഴുകാൻ പോയപ്പോഴാണ് സംഭവം. ഹരീഷിന്റെ ഒപ്പം രണ്ട് സുഹൃത്തുക്കളും ഉണ്ടായിരുന്നു. 9 സിയിൽ നിന്ന് വാർത്ത കാട്ടുതീ പോലെ പരന്നു. 9 H, 10 A, 10 G, 10 H തുടങ്ങിയ പൊതുകാര്യ പ്രസക്തർ കൂടുതലുള്ള ക്ലാസ്സുകളിൽ സംഭവം ചർച്ചയായി, "അവനെ വെറുതെ വിടരുത്, ഇവിടെക്കേറി വന്ന് കാണിക്കുന്ന പോക്രിത്തരം ഇനി വച്ച് പൊറുപ്പിക്കരുത്". പൊതുകാര്യ പ്രസക്തർ പുറത്തേക്കിറങ്ങി, ഹയർസെക്കന്ററിയിൽ പോയി അടിക്കാൻ പറ്റില്ല, അവനെ ഇവിടെ വരുത്തണം. അഞ്ചാം ക്ലാസ്സിലെ  വിബീഷിനെ വിളിക്കാം. വിബീഷ് ആണ് ഇത്തരം കാര്യങ്ങളിൽ ബുദ്ധിപരമായി ഇടപെടുന്നത്. ഇവൻ ഈ കണക്കിന് പോയാൽ പത്താം ക്ലാസ്സെത്തുമ്പോൾ അവൻ ഒരു പ്രസ്ഥാനമായി മാറും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഹയർ സെക്കന്ററിയിൽ എത്തിയ വിബീഷ് ഹരീഷിനെ കണ്ടെത്തി കാര്യങ്ങൾ ഒരുവിധം ബോധ്യപ്പെടുത്തി. ചേട്ടൻ ഏതോ പെൺകുട്ടിയോട് സംസാരിച്ചത് പത്താം ക്ലാസ്സിലെ ചേട്ടൻമാർക്ക് ഇഷ്ടപ്പെട്ടില്ല, മാത്രവുമല്ല ചേട്ടൻ ഈ വർഷമല്ലേ ഇവിടെ വന്നത്, പ്രശ്നമാണ് ചേട്ടൻ എന്റെ കൂടെ വാ ഞാൻ അവരെ കാട്ടിത്തരാം, ഹയർസെക്കന്ററിയുടെ പുറകിൽ എത്തിയ ഹരീഷിനെ ഇരുപതോളം പേർ വരുന്ന സദാചാര സംഘം വളഞ്ഞു,

ശ്രീനികേത് (10 A) : നീ എന്ത് അനാവശ്യമാണ് ഫാത്തിമയോട് പറഞ്ഞത്?

ഹരീഷ് : അനാവശ്യം പറഞ്ഞെന്ന് അവൾ പറഞ്ഞോ?

വിഷ്ണു (9 H ) : ഡാ അവൾ അഹമ്മദ് മാമന്റെ (ഒരിക്കൽ അവൻ ഫാത്തിമയുടെ ഐഡന്റിറ്റി കാർഡിൽ അവളുടെ പേര് ഫാത്തിമ അഹമ്മദ് രാവുത്തർ എന്നാണെന്ന് കണ്ടിട്ടുണ്ടായിരുന്നു) മോളാണ്, അവളെ എന്തെങ്കിലും പറയുന്നവനെ ഞങ്ങളങ്ങെടുക്കും, ഇനി മേലിൽ ഒരു ഹയർ സെക്കന്ററിക്കാരനും അവളോട് മിണ്ടരുത്.

ഈ സമയം കൊണ്ട് ഇരുപതോളം പേർ ഇരുന്നൂറോളം ആയി വളർന്നു, ആരോ ഓഫീസിൽ വിവരം അറിയിച്ച്, എതാനും നിമിഷങ്ങൾക്കകം ഇരുന്നൂറ് വീണ്ടും ഹരീഷും പിന്നെ ഇരുപതും ആയി സ്റ്റാഫ് റൂമിൽ എത്തി, സംഘം രഹസ്യമായി ഒരു തീരുമാനമെടുത്തു - രാഹുലിനെ (10 G) ഹരീഷ് തല്ലി. സ്റ്റാഫ് റൂമിൽ കയറിയാൽ ഹൃദയം നിയന്ത്രണം വിടും. സ്റ്റാഫ് റൂമിന്റെ പുറത്ത് സഞ്ജയ് സാറിന്റെ ശബ്ദം കൂടി കേട്ടപ്പോൾ ഹൃദയതാളം വീണ്ടും കൂടി. "ആ എല്ലാരും ഉണ്ടല്ലോ?" ഹരീഷിനെക്കണ്ടപ്പോൾ " എന്താ ഹരീഷേ പ്രശ്നം ? നീ എന്താ ഇന്നലെ സ്പോർട്സിന് നിക്കാത്തത് ? നിന്റെ ഐഡി കാർഡെവിടെ ?" (ഐഡി കാർഡ് പോക്കറ്റിലായിരുന്നു) "ഉണ്ട് സാർ" അവൻ ഐഡി കാർഡെടുത്ത് നീട്ടി, മനോജ് സാറാണ് ഐഡി വാങ്ങിയത്, എന്നിട്ട് പേര് വായിച്ചു " കിടിലം പേരാണല്ലോടേ - ഹരീഷ് അഹമ്മദ് രാവുത്തർ, നമ്മുടെ ഫാത്തിമായുടെ ചേട്ടനാണല്ലേ ........ ശുഭം (20 x 2 = 40 ---- പടക്കങ്ങളും പൊട്ടാസുകളുമായി സ്റ്റാഫ് റൂം ശബ്ദമുഖരിതം)

Article

# Road Accidents

Accident! Accident! Accident! No safety measure helps people to escape from accidents. The people have to take other steps to save their lives, I would like to draw your attention mainly in the road accidents. Road accident is the main problem that takes most of our lives. Every year the death rate increasing alarmingly. How can we stop it, awareness programmes is a method, but it shows that awareness programmes have its own limitations, it won't work properly. Another method is to maintain all the roads properly, but there is another problem that if the roads are once cleared the two wheeler travelers will misuse the roads and their speed increases in a smooth road and it will cause to accidents. Proper checking from the part of police and other authorities , the amount of fine should be its maximum. No one should be exempted when an accident occurred. Once the violation of law arouse, the culprit must be punished. These punishments may open the eyes of others.

Story

# പാമ്പും കുട്ടിയും

മൂന്നാല് ദിവസം പുറത്തിറങ്ങിയില്ല അന്ന് മാളത്തിലൊളിച്ചതാണ്, അന്ന് ആ മാളത്തിൽ കുത്തിക്കയറ്റിയ ഒരു കമ്പ് വാലിന്റെ അഗ്രഭാഗത്താണ് കൊണ്ടത്. ആ വേദന കുറഞ്ഞ് തുടങ്ങിയിട്ടേയുള്ളൂ, എങ്ങനെയൊ ക്കെയോ ആണ് രക്ഷപ്പെട്ടത്. രക്ഷപ്പെട്ടോടുന്നതിനിടയിൽ ആ കുട്ടിയെ ഒരു മിന്നായം പോലെ കണ്ടിരുന്നു. ഇന്ന് വീണ്ടും കുട്ടികൾ സ്കൂളിലേക്ക് വന്നു തുടങ്ങി, പക്ഷേ എല്ലാവരും വലിയ മൗനത്തിലാണ്. കല്ലുകെട്ടിലെ ഊർക്കിൽ ദ്വാരത്തിലൂടെ പാമ്പ് പതുക്കെ സ്കൂളിലേക്ക് നോക്കി - ആ കുട്ടി ഇന്ന് വന്നില്ലാന്ന് തോന്നുന്നു, ഇനി മതിയാക്കിയതാണോ? ആ ചിന്തയെ ഉറപ്പിച്ചുകൊണ്ട് മതിൽക്കെട്ടിന് പുറത്തിരുന്ന് ഒരു ഗൗളി ചിലച്ചു. അപ്പോഴാണ് എന്തെങ്കിലും കഴിച്ചിട്ട് നാലഞ്ച് ദിവസമായി എന്നോർത്തത്, പുറത്തിറങ്ങിയാൽ ഗൗളിയെ കിട്ടും. പതുക്കെ മാളത്തിന് പുറത്തേക്ക് തലനീട്ടി, ഗൗളി മതിലിൽ തന്നെയുണ്ട്, പതുക്കെ പുറത്തിറങ്ങി, ഗൗളിയുടെ പുറകിലെത്തി, ഒന്ന് കുതിച്ചാൽ ഗൗളി വായിലാകും. ശ്വാസമെടുത്ത് കുതിക്കാൻ തുടങ്ങിയതും ചലനശേഷി നഷ്ടപ്പെട്ട് മതിലിന്റെ ചുവട്ടിലേക്ക് വീണു. അർദ്ധ ബോധാവസ്ഥയിൽ അടുത്ത തല്ല് തലയിൽ കൊണ്ടപ്പോൾ ആരോ പറയുന്നത് കേട്ടു, അന്ന് നീ രക്ഷപ്പെട്ടു, ഞങ്ങളുടെ കുഞ്ഞിനേം കൊന്നിട്ട്..... അവസാന വാക്ക് കേട്ട പാമ്പ് - ഹൃദയം പൊട്ടി - കാണാൻ കാത്തിരുന്നവരുടെ അടുത്തേക്ക് യാത്രയായി.

# കവികളും അപരനാമങ്ങളും

Info

1. ശക്തിയുടെ കവി :- ഇടശ്ശേരി

2. കേരള സ്കോട്ട് :- സി.വി.രാമൻപിള്ള

3. ബേപ്പൂർ സുൽത്താൻ :- ബഷീർ

4. കേരളത്തിന്റെ ഓർഫ്യൂസ് :- ചങ്ങമ്പുഴ

5. കേരള പാണിനി :- എ.ആർ.രാജരാജവർമ

6. കേരള കാളിദാസൻ :- കേരളവർമ വലിയകോയിത്തമ്പുരാൻ

7. ഭാഷയുടെ പിതാവ് :- എഴുത്തച്ഛൻ

8. കേരള മോപ്പിസാങ് :- തകഴി

9. ആശയഗംഭീരൻ :- ആശാൻ

10. മാതൃത്വത്തിന്റെ കവി :- ബാലാമണിയമ്മ

11. ഉജ്ജ്വലശബ്ദാഢ്യൻ :- ഉള്ളൂർ

12. ശബ്ദസുന്ദരൻ :- വള്ളത്തോൾ

13. കാച്ചിക്കുറുക്കിയ കവിതകളുടെ കർത്താവ് :- വൈലോപ്പിള്ളി

14. കേരളത്തിന്റെ ഇബ്സൻ :- എൻ .കൃഷ്ണപിള്ള

15. വാക്കുകളുടെ മഹാബലി :- പി.കുഞ്ഞിരാമൻ നായർ

# അഭിനന്ദനങ്ങൾ……………………

ഇത്തവണത്തെ ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിലേക്ക് നമ്മുടെ സ്കൂളിൽ നിന്നും രണ്ട് പേർക്കാണ് സെലക്ഷൻ കിട്ടിയത്. ആനിമേഷനിൽ സൈന ഫാത്തിമ, പ്രോഗ്രാമിങ്ങിൽ അഫ്സൽ സലീമും. രണ്ട് പേർക്കും അഭിനന്ദനങ്ങൾ



അഫ്സൽ സലീം

9. A

സൈന ഫാത്തിമ

9. A